തിരുവനന്തപുരം ആയുർവേദ കോളേജിൽ വിവിധ വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാൻ നടപടി

143 (3097) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൗമാരഭൃത്യം (പീഡിയാട്രിക്സ്), പഞ്ചകർമ്മം, അഗദതന്ത്രം (ടോക്സിക്കോളജി) എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിന്റെ അനുവാദവും കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും തിരുവനന്തപുരം ആയുർവേദ കോളേജിന് ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അനന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് ലഭ്യമാക്കുന്നതിന് ഡിപ്പാർട്ടുമെന്റുകൾ അപ്ഗ്രെഡ് ചെയ്ത് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കോഴ്സുകൾ തുടങ്ങുവാൻ ധനസഹായത്തിന് വേണ്ടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

ആയുർവേദ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ നികത്താത്തതുകൊണ്ട് വകുപ്പിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

144 (3098) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ഫാർമസിസ്റ്റുകളുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പ്രസ്തുത വകുപ്പിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ആയുർവേദ ഫാർമസിസ്റ്റുകളുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ആയുർവേദ ഫാർമസിസ്റ്റുകൾക്ക് പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) വളരെയധികം വേക്കൻസികൾ ഉണ്ടായിട്ടും 50 പേരെ മാത്രം ട്രെയിനിംഗിന് നിശ്ചയിച്ചതിന്റെ കാരണം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെൻഷൻ ലഭിക്കുന്ന റിട്ടയർ ചെയ്ത ഫാർമസിസ്റ്റുകളെ ഡെയിലി വേജസ്/കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ ;

(ജി) തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യത്തിൽ കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിനും പെൻഷൻകാരെ പിരിച്ചുവിടുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 179 ഒഴിവുകൾ നിലവിലുണ്ട്.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തത് കൊണ്ടാണ് ഒഴിവുകൾ നികത്താത്തത്.

(ഡി) 50 വിദ്യാർത്ഥികൾക്ക് ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇതിനു വേണ്ടിവരുന്ന ചെലവും മറ്റ് ഘടകങ്ങളും കണക്കിലെടുത്താണ്.

(എഫ്) ഉണ്ട്.

(ജി) ട്രെയിനിംഗ് ലഭിച്ച ഫാർമസിസ്റ്റുകളെ പി.എസ്.സി. മുഖേന നിയമിക്കുന്ന മുറയ്ക്ക് പെൻഷൻകാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജിലെ ഫാർമസിസ്റ്റ് കോഴ്സ്

145 (3099)ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജിൽ ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ; എങ്കിൽ ഈ കോഴ്സിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോഴ്സിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) 50 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നുവെന്നും ഇതിനായി ഓരോ വിദ്യാർത്ഥിയിൽ നിന്നും ഭീമമായ തുക പ്രതിഫലം വാങ്ങിയെന്നുമുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് അന്വേഷണം നടത്തി വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly